പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 2

# 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബിൽ

(ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

579/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 2

# 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബിൽ

(ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

## വിദ്യാഭ്യാസവും ആരോഗ്യവും ഉണ്ടായിരുന്നിട്ടും തൊഴിലില്ലായ്മയുടെ ദുരിതങ്ങളനുഭവിക്കേണ്ടി വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ ആരോഗ്യപരവും കുടുംബപരവുമായ ക്ഷേമം ഉറപ്പാക്കുന്നതിനുമായി ഒരു മിഷൻ രൂപീകരിക്കുന്നത് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ എല്ലാ യോഗ്യതകളുമുണ്ടെങ്കിലും ജന്മസിദ്ധമായ അന്തർമുഖത്വംമൂലം സ്ഥിരവരുമാനം ലഭിക്കത്തക്കതരത്തിലുള്ള തൊഴിൽ മേഖലകളിലെത്താൻ കഴിയാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആരോഗ്യപരവും കുടുംബപരവുമായ ക്ഷേമം ഉറപ്പുവരുത്തേണ്ടത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം ഒരു നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്റ്റിന് '2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ആക്റ്റ്' എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'മിഷൻ' എന്നാൽ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ എന്നർത്ഥമാകുന്നു ;

(ബി) 'ലേബർ ബാങ്ക്' എന്നാൽ തൊഴിൽരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഉണ്ടാക്കുന്ന ബാങ്ക് എന്നർത്ഥമാകുന്നു ;

(സി) 'പദ്ധതികൾ' എന്നാൽ തൊഴിൽരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനുള്ള പദ്ധതികൾ എന്നർത്ഥമാകുന്നു.

3. പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണം.—(1) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന 'കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ' എന്ന പേരിൽ ഒരു മിഷൻ രൂപീകരിക്കേണ്ടതാണ്.

(2) മിഷന്റെ ചെയർമാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ആയിരിക്കേണ്ടതാണ്.

(3) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, കൃഷി വകുപ്പ് ഡയറക്ടർ, തൊഴിൽ വകുപ്പ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എന്നിവർ മിഷനിൽ അംഗങ്ങളായിരിക്കും.

(4) സർക്കാർ നോമിനേറ്റ് ചെയ്യുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട രണ്ട് സാമൂഹ്യപ്രവർത്തകർ മിഷനിൽ അംഗങ്ങളായിരിക്കും.

(5) മിഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടതാണ്.

4. മിഷന്റെ ചുമതലകൾ.—മിഷന്റെ ചുമതലകൾ താഴെപ്പറയുന്നവയായിരിക്കും:

(1) പട്ടികവർഗ്ഗത്തിൽപ്പെട്ട ജനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക.

(2) ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിൽരഹിതരുടെ കണക്കുകൾ പ്രത്യേകം പ്രത്യേകം ശേഖരിച്ച് സൂക്ഷിക്കുക.

(3) തൊഴിൽരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ കണ്ടെത്തി അവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലേബർ ബാങ്ക് ഉണ്ടാക്കുക.

(4) നിർമ്മാണമേഖല, കൃഷിമേഖല, ശുചിത്വമേഖല, പരമ്പരാഗത തൊഴിൽ മേഖല തുടങ്ങിയ മേഖലകളിലുള്ള തൊഴിലവസരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് തുടങ്ങിയ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സർക്കാരിതര ഏജൻസികളും കണ്ടെത്തുകയും ലേബർ ബാങ്കിലുൾപ്പെട്ടവരിൽ നിന്നുള്ളവരെ അവരുടെ യോഗ്യതയും തൊഴിൽ നൈപുണ്യവുമനുസരിച്ച് പ്രസ്തുത തൊഴിലുകളിൽ നിയോഗിക്കുകയും ചെയ്യുക.

(5) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തൊഴിലുറപ്പ് പദ്ധതിപോലുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കണ്ടെത്താൻ കഴിയുന്ന തൊഴിലവസരങ്ങൾ പ്രസ്തുത ലേബർ ബാങ്കിലുള്ളവർക്ക് ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

(6) സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ തയ്യാറാകുന്ന സ്ഥാപനങ്ങളുടെയും സാമൂഹിക സാംസ്കാരിക സംഘടനകളുടെയും സഹായത്തോടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതശൈലിക്കും ആവാസവ്യവസ്ഥയ്ക്കും കോട്ടംതട്ടാത്ത വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

(7) ലേബർ ബാങ്കിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതുവരെ അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ദൈനംദിന ചെലവുകൾക്കും ചികിത്സാ ചെലവുകൾക്കുമുള്ള ധനസഹായം നിലവിലുള്ള സർക്കാർ പദ്ധതികൾ മുഖേന എത്തിച്ചുകൊടുക്കുക.

(8) കേന്ദ്ര-സംസ്ഥാന-പൊതുമേഖലകളിൽ നിയമനം ലഭിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നൽകുക, അപേക്ഷകൾ യഥാസമയം അയപ്പിക്കുക, നോട്ടിഫിക്കേഷനുകൾ യഥാസമയം ഉദ്യോഗാർത്ഥികളിൽ എത്തിക്കുക തുടങ്ങി ജോലി ലഭിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഇടപെടലുകളും നടത്തുക.

(9) സംവരണതത്വം പാലിച്ചുള്ള നിയമനങ്ങൾ ഉറപ്പുവരുത്തുക, തൊഴിൽ നേടിക്കൊടുക്കുക.

5. മിഷനിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) മിഷനിലെ അംഗങ്ങളുടെ കാലാവധി, ഓരോരുത്തരുടെയും ഔദ്യോഗിക കാലാവധി കഴിയുന്നതുവരെയോ സർക്കാർ ഒരു ഉത്തരവ് മുഖേന ഒരംഗത്തെ മാറ്റി മറ്റൊരംഗത്തെ നിയമിക്കുകയോ മിഷനിൽ മൂന്ന് വർഷം പൂർത്തിയാക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെയോ ആയിരിക്കും.

(2) മിഷനിലെ അംഗങ്ങളുടെ വേതന വ്യവസ്ഥകൾ അവർ നിലവിലുള്ള തസ്തികയിൽ കൈപ്പറ്റിക്കൊണ്ടിരുന്ന അതേ വ്യവസ്ഥകൾ തന്നെയായിരിക്കും.

(3) മിഷനിലെ അംഗങ്ങളാരെങ്കിലും കൃത്യവിലോപം വരുത്തിയതായി സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ അവരെ മിഷനിൽനിന്നും പുറത്താക്കാവുന്നതും അവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(4) മിഷന് സർക്കാർ വകുപ്പുകളിൽനിന്ന് വിവരങ്ങൾ ആവശ്യപ്പെടുന്നതിനും ലേബർ ബാങ്കിലുള്ളവർക്ക് തൊഴിൽ ലഭിക്കുന്നതിനുതകുന്ന പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(5) മിഷന്റെ ആസ്ഥാനം തിരുവനന്തപുരം കേന്ദ്രീകരിച്ച് ആയിരിക്കേണ്ടതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന ഉണ്ടാക്കാവുന്നതാണ്. ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നതുംവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപപ്പെടുത്തലോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ

ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരം ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നാലേകാൽ ലക്ഷത്തോളം വരുന്ന പട്ടികവർഗ്ഗ ജനസംഖ്യയിൽ 74 ശതമാനവും സാക്ഷരരാണെങ്കിലും 46 ശതമാനത്തിന് മാത്രമേ സ്ഥിരവരുമാനമുള്ളു. വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ എല്ലാ യോഗ്യതകളുമുണ്ടായിട്ടും വിവിധ സർക്കാർ പദ്ധതികളുണ്ടായിട്ടും പൊതുവേ അന്തർമുഖരായ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങൾ തൊഴിൽരഹിതരായി അവശേഷിക്കുന്നു. മാവോയിസ്റ്റുകളും മറ്റ് സാമൂഹ്യവിരുദ്ധ പ്രസ്ഥാനങ്ങളും ഈ വിഭാഗക്കാരുടെ ദാരിദ്ര്യാവസ്ഥയെ ചൂഷണം ചെയ്യുന്നു. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനും ജന്മനായുള്ള അന്തർമുഖത്വംമൂലം തൊഴിൽരഹിതരായി അത്യന്തം ശോചനീയമായ അവസ്ഥയിലേക്ക് പോകുന്നത് തടയുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം മിഷന്റെ രൂപീകരണത്തിനും പ്രാരംഭ ചെലവുകൾക്കുമായി സർക്കാരിന് സഞ്ചിതനിധിയിൽനിന്നും ഉദ്ദേശം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മിഷന്റെ തുടർപ്രവർത്തനങ്ങൾക്ക് മറ്റ് ചെലവുകൾ ഒന്നുംതന്നെ പ്രതീക്ഷിക്കുന്നില്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 6-ാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കാവുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ റദ്ദാക്കാനോ ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

കെ. വി. വിജയദാസ്, എം.എൽ.എ.